(ഡി) ഉണ്ടെങ്കിൽ എത്ര ഫയലുകൾ കാണാതായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് ഡി.ജി.പി.-ക്ക് ലഭിച്ചിരുന്നോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ ഇതുവരെ 1298 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 853 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരവും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

പോലീസ് സർജന്മാരുടെ അലവൻസ് വർദ്ധന

161 (3793) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ വിഭാഗം പോലീസ് സർജന്മാരുടെ പ്രതിമാസ അലവൻസ് യുകയായ 125 രൂപ, 190 രൂപ എന്നീ മൂപ്പീ വർഷമായി വർദ്ധിപ്പിച്ചിട്ടില്ലായെന്നീ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധനവിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അലവൻസ് വർദ്ധനവ് കഴിഞ്ഞ ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണന വിഷയങ്ങളിൽപ്പെടാത്തീ കാരണം നിരസിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിഷയം പുതിയ ശമ്പള കമ്മീഷനിൽ ശിപാർശ ചെയ്യാനുള്ള നടപടി വകുപ്പിൽ നിന്നും ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നകാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പുതിയ കമ്മിഷനെ സർക്കാർ നിയോഗിച്ചിട്ടുള്ളതിനാൽ, പോലീസ് സർജന്മാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പുതിയ ശമ്പള പരിഷ്കരണ കമ്മിഷന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ സാധിക്കില്ല.

(ബി) ഉണ്ട്. ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly